**പതിമൂന്നാം കേരളനിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1826 — 11.02.2013-ൽ മറുപടിക്ക്

**'ആശ്വാസ് കിരൺ' പദ്ധതി**

ചോദ്യം — ഉത്തരം

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

**ഡോ. എം.കെ. മുനീർ**
(പഞ്ചായത്തും സാമൂഹ്യനീതിയും
വകുപ്പു മന്ത്രി )

| | | | |
|---|---|---|---|
| എ | 'ആശ്വാസ് കിരൺ' പദ്ധതി യുടെ വിശദാംശങ്ങൾ ലഭ്യ മാക്കുമോ ; | എ | മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ബുദ്ധിമാന്ദ്യമുള്ളവർ, സെറിബ്രൽ പാൾസി/ഓട്ടിസംമൂലം അവശതയുള്ളവർ, പലവിധ കാരണങ്ങളാലും രോഗങ്ങളാലും ശയ്യാവലംബികളായവർ, 100% അന്ധർ തുടങ്ങിയവർക്ക് മുഴുവൻ സമയവും മറ്റൊരാളുടെ പരിചരണം ആവശ്യമാണ്. പരിചരിക്കുന്ന വ്യക്തികൾക്ക് മറ്റു തൊഴിലുകളിൽ ഏർപ്പെടാൻ കഴിയുകയില്ല. അങ്ങനെയുള്ള വ്യക്തികൾക്ക് 400/- രൂപ നിരക്കിൽ പ്രതിമാസ ധന സഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസ കിരണം. നഗരപ്രദേശങ്ങളിൽ 22,375/- രൂപയും ഗ്രാമപ്രദേശങ്ങളിൽ 20,000/- രൂപയും വരെ കുടുംബ വാർഷിക വരുമാനമുള്ളവർക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുക. |
| ബി | പ്രസ്തുത രോഗികൾക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് ഡോക്ടർമാരുടെ മുന്നിൽ രോഗികളെ എത്തിക്കുന്നതിനുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| സി | ഇത്തരം രോഗികൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം വയോമിത്രം പദ്ധതിയിലും എൻ.ആർ എച്ച്.എം. പദ്ധതിയിലും നിയമിതരായ ഡോക്ടർമാർക്ക് കൂടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | സി | നടപടി സ്വീകരിക്കുന്നതാണ് |

R. Vijayan

സെക്ഷൻ ഓഫീസർ